പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 2504

11/10/2011-ൽ മറുപടി
നല്കേണ്ടത്

## ഭൂനികുതി സ്വീകരിക്കുന്നതിൽ നേരിടുന്ന തടസ്സങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ദേവികുളം മണ്ഡലത്തിൽ ഉൾപ്പെട്ട വില്ലേജുകളിൽ മുഴുവൻ പട്ടയങ്ങൾക്കും ഭൂനികുതി സ്വീകരിക്കുന്നുണ്ടോ; | (എ) ഇല്ല |
| (ബി)എങ്കിൽ ഏതുവർഷം മുതലാണ് കരം സ്വീകരിക്കാത്തത്; ആയതിന് കാരണമെന്ത്; | (ബി), (സി) & (ഡി)<br>2005-2006 സാമ്പത്തിക വർഷം മുതൽ കരം സ്വീകരിക്കുന്നില്ല. അതിനുള്ള കാരണങ്ങൾ താഴെ വിശദീകരിക്കുന്നു:- |
| (സി) നിലവിൽ കരം സ്വീകരിക്കാത്ത എത്ര പട്ടയങ്ങൾ ഈ മണ്ഡലത്തിൽ ഉണ്ട്; | വിജിലൻസ് പരിശോധനയിലുള്ള 58 പട്ടയങ്ങൾക്ക് കരം സ്വീകരിക്കുന്നില്ല. ബാക്കിയുള്ളവയുടെ എണ്ണം പൂർണ്ണമായും തിട്ടപ്പെടുത്തിയിട്ടില്ല. |
| (ഡി) കരം സ്വീകരിക്കുന്നതിന് നിലവിലുള്ള തടസ്സമെന്താണെന്നു വ്യക്തമാക്കാമോ; | കെ.ഡി.എച്ച്. വില്ലേജിലും മാങ്കുളം വില്ലേജിലും റീസർവ്വെ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാലും പട്ടയങ്ങളുടെ സാധുതാ പരിശോധന നടത്തുന്നതിനാലുമാണ് കരം സ്വീകരിക്കാത്തത്. |
| (ഇ)പ്രസ്തുത പട്ടയങ്ങളിൽ കരം സ്വീകരിക്കുന്നതിന് എന്തു നടപടിയെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; എത്ര കാലത്തിനകം കരമടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ? | (ഇ) സർക്കാർ തലത്തിൽ തീരുമാനം ഉണ്ടാകുന്ന മുറയ്ക്കും പട്ടയ പരിശോധന പൂർത്തിയാകുന്ന മുറയ്ക്കും നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ